ഉത്തരം

(എ) ഇല്ല. എന്നാൽ ജി. ഒ. (പി) 12/04/പി. ആന്റ് എ. ആർ. ഡി., തീയതി 10-9-2004 ഉത്തരവ് പ്രകാരമുള്ള പൊതുസ്ഥലമാറ്റ നിബന്ധനകളിൽ 17 (ബി) ചെണ്ഡികയിൽ ആദിവാസി/വിദൂര പ്രദേശ മേഖലകളിൽ ഒരു വർഷത്തിൽ കൂടുതൽ സേവനംഅനുഷ്ഠിച്ചുകഴിഞ്ഞവർക്ക് 3 വർഷത്തെ സേവനം സ്ഥലം മാറ്റത്തിന് നിഷ്കർഷിച്ചിരിക്കുന്നതിൽ ഒരു വർഷത്തെ ഇളവിന് അർഹതയുണ്ട്.

(ബി) ജി.ഒ.യുടെ പകർപ്പ് അനബന്ധമായി വച്ചിട്ടുണ്ട്.†

(സി) ബാധകമല്ല.

ഭരണഭാഷ മലയാളമാക്കണമെന്ന തീരുമാനം

7. [7] ശ്രീ. കെ. സുധാകരൻ :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭരണഭാഷ ഏത് തീയതിക്കുള്ളിൽ പൂർണ്ണമായി മലയാളമാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇതുവരെ എത്ര ശതമാനം ഓഫീസുകളിൽ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കിയിട്ടുണ്ട്;

(സി) ജില്ലാ കോടതി വരെയുള്ള വിധി ന്യായങ്ങൾ മലയാളത്തിലാക്കിയിട്ടുണ്ടോ;

(ഡി) ഇതിന് കാലാവധി തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത് എന്നുവരെ എന്നു പറയാമോ;

(ഇ) സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തീയതി തീരുമാനിച്ചിട്ടില്ല.

(ബി) 69 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അറയുടെ ഭരണ വകുപ്പുകളിലും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിലും 21 സ്വയംഭരണ സ്ഥാപനങ്ങളിലും 10 പൊതുമേഖലാ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല. ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബാധകമല്ല.

(ഇ) ഇല്ല. സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

8. [8] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതികളിന്മേൽ എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) തീർപ്പാകാത്ത പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.††

(സി) എല്ലാ സെക്രട്ടറിമാർക്കും വകുപ്പുമേധാവികൾക്കും ജില്ലാ കളക്ടർമാർക്കും പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിവേഗം ബഹുദൂരം പദ്ധതി

9. [9] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക കാരണങ്ങളാൽ മുടങ്ങിക്കിടന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ അതിവേഗം ബഹുദൂരം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തുന്നതിന് എം. എൽ. എ.-മാരിൽ നിന്ന് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

†, †† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly